**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 4** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒരു തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേക്കും മാറ്റുന്നതിന്റെ ഭാഗമായി ഒരു തദ്ദേശസ്ഥാപനത്തിന് ഒരു വെബ്സൈറ്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവും കാര്യക്ഷമവുമാക്കുന്നതിനും പൊതുജനങ്ങൾക്കു വിവരങ്ങളും സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമായി **ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു വെബ്സൈറ്റ്** എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകൾക്കും, 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും, 14 ജില്ലാ പഞ്ചായത്തുകൾക്കും, 87 മുനിസിപ്പാലിറ്റികൾക്കും, 6 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. സ്ഥാപന പ്രൊഫൈൽ, ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ, ബജറ്റ്, വികസന പദ്ധതികൾ, തീരുമാനങ്ങൾ, അറിയിപ്പുകൾ, ടെൻഡറുകൾ, റിപ്പോർട്ടുകൾ, പൗരസേവന വിവരങ്ങൾ, തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഈ വെബ്സൈറ്റുകളിൽ ഒരുക്കിയിട്ടുണ്ട്. K-SMART ഉൾപ്പെടെയുള്ള ഡിജിറ്റൽ സേവനങ്ങളിലേക്കുള്ള പ്രവേശനവും വെബ്സൈറ്റുകൾ മുഖേന സൗകര്യപ്രദമാക്കിയിട്ടുണ്ട്. ഇതിലൂടെ സർട്ടിഫിക്കറ്റുകൾ, വസ്തുനികുതി, കെട്ടിട നിർമാണ അനുമതികൾ, ലൈസൻസുകൾ, ഓൺലൈൻ അപേക്ഷകൾ, പരാതി പരിഹാരം തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താനാകും. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ പട്ടിക ഓൺലൈൻ ആയി ലഭ്യമാണ്.

വെബ്സൈറ്റ് വികസനം, ഉള്ളടക്ക ക്രമീകരണം, വിവരങ്ങൾ ഉൾപ്പെടുത്തൽ, നിലവിലുള്ള വിവരങ്ങളുടെ ഏകീകരണം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**(ബി)** വർദ്ധിച്ച ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ അഭിപ്രായങ്ങളും പരാതികളും രേഖപ്പെടുത്തുവാൻ കഴിയുന്ന രീതിയിൽ ക്യൂ.ആർ. അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങളിൽ നിന്ന് സേവനങ്ങളുടെ ഗുണനിലവാരവും ഓഫീസിലെ സൗകര്യങ്ങളും സംബന്ധിച്ച അഭിപ്രായങ്ങളും പ്രതികരണങ്ങളും ശേഖരിക്കുന്നതിനായി QR Code അടിസ്ഥാനത്തിലുള്ള സിറ്റിസൻ ഫീഡ്ബാക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓഫീസുകളിൽ പൊതുജനങ്ങൾക്കു എളുപ്പത്തിൽ കാണാനും ഉപയോഗിക്കാനും കഴിയുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള QR Code സ്കാൻ ചെയ്ത് മൊബൈൽ ഫോൺ മുഖേന നേരിട്ട് പ്രതികരണം രേഖപ്പെടുത്താവുന്നതാണ്. ലഭിക്കുന്ന പ്രതികരണങ്ങൾ സേവനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും സഹായകരമാണ്. ഇതിലൂടെ പൊതുജന പങ്കാളിത്തം വർധിപ്പിക്കുന്നതിനും സേവന വിതരണം കൂടുതൽ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**(സി)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് മറ്റ് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും അപേക്ഷകളുടെ സമർപ്പണം, പരിശോധന, അംഗീകാരം, സേവന വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനുമായി K-SMART സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്കു ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും അപേക്ഷയുടെ നിലവിലെ സ്ഥിതിയും അപേക്ഷ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ലോഗിൻ സംബന്ധമായ വിവരങ്ങളും അറിയുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ആസൂത്രണം, പദ്ധതി രൂപീകരണം, നിർവ്വഹണം, പുരോഗതി നിരീക്ഷണം എന്നിവയ്ക്കായി സുലേഖ സംവിധാനവും സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതികളുടെ അപേക്ഷ, പരിശോധന, അംഗീകാരം, വിതരണം എന്നിവ കൈകാര്യം ചെയ്യുന്നതിനായി സേവന പെൻഷൻ സംവിധാനവും നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം, സേവന പെൻഷൻ സംവിധാനത്തെ കെ-സ്മാർട്ടുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി നിർവ്വഹണ പുരോഗതി കൂടുതൽ ഫലപ്രദമായി നിരീക്ഷിക്കുന്നതിനും പദ്ധതി സംബന്ധമായ വിവരങ്ങളും റിപ്പോർട്ടുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുമായി **പ്ലാൻ മോഡ്യൂൾ** വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**